# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4554 — 26.06.2014 ൽ മറുപടിക്ക്**

**റോഡ് നവീകരണത്തിനും നിർമ്മാണത്തിനുമായി സ്ഥിരം സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>" പാലോട് രവി<br>" പി.സി. വിഷ്ണുനാഥ്<br>" ലൂഡി ലൂയിസ് | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) റോഡ് നവീകരണത്തിനും നിർമ്മാണത്തിനുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവൃത്തികൾ നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;<br><br>ബി) ഇതിനായി ഒരു പ്രത്യേക ഏജൻസിക്ക് രൂപം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) എന്തെല്ലാം അധികാരങ്ങളാണ് പ്രസ്തുത ഏജൻസിക്ക് നൽകുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>ഡി) വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഏജൻസികളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | എ), ബി), സി), & ഡി) | റോഡ് നിർമ്മാണ പ്രവൃത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപായി ബി.എസ്.എൻ.എൽ, കേരള വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ ഏജൻസികളുമായി ശരിയായ വിധത്തിലുള്ള ഏകോപനം ഉണ്ടാകാത്തതിനാൽ ചില ഘട്ടങ്ങളിൽ റോഡ് പൂർത്തിയായ ഉടൻ തന്നെ വെട്ടിപ്പൊളിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്നുണ്ട്. ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനായി വിവിധ വകുപ്പുകളുടെ ഏകോപനങ്ങൾ നടത്തുവാനുള്ള ഒരു നോഡൽ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം ഉടൻ വിളിച്ച് വിശദാംശങ്ങൾ തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ